Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th August 2023

## തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 70.42 % പേർ വോട്ട് രേഖപ്പെടുത്തി

സംസ്ഥാനത്ത് ഇന്ന് (10.08.2023) നടന്ന 17 തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ 70.42 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. 13974 പുരുഷന്മാരും 16501 സ്ത്രീകളും ഉൾപ്പെടെ ആകെ 30475 വോട്ടർമാരാണ് വോട്ട് ചെയ്തത്.

വോട്ടെണ്ണൽ നാളെ (ആഗസ്റ്റ് 11) രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നടക്കും. ഫലം കമ്മീഷന്റെ www.lsgelection.kerala.gov.in സൈറ്റിലെ TREND ൽ അപ്പോൾ തന്നെ ലഭ്യമാകും.

ഒൻപത് ജില്ലകളിലായി രണ്ട് ബ്ലോക്ക് പഞ്ചായത്ത്, പതിനഞ്ച് ഗ്രാമപഞ്ചായത്ത് വാർഡുകളിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. ആകെ 54 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. വോട്ടെടുപ്പ് സമാധാനപരമായിരുന്നു.

പോളിംഗ് ശതമാനം - ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് നമ്പരും പേരും, (ശതമാനം) ക്രമത്തിൽ

കൊല്ലം - തെന്മല ഗ്രാമപഞ്ചായത്തിലെ 05-ഒറ്റക്കൽ (74.46),
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ 02-പുഞ്ചിരിച്ചിറ (81.50).

ആലപ്പുഴ - തലവടി ഗ്രാമപഞ്ചായത്തിലെ 13-കോടമ്പനാടി (68.04).

കോട്ടയം - വൈക്കം ബ്ലോക്ക്പഞ്ചായത്തിലെ 03-മറവൻ തുരുത്ത് (61.66).

എറണാകുളം - ഏഴിക്കര ഗ്രാമപഞ്ചായത്തിലെ 03-വാടക്കുപുറം (84.65),
വടക്കേക്കര ഗ്രാമപഞ്ചായത്തിലെ 11-മുറവൻ തുരുത്ത് (85.30),
മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ 04-കോക്കുന്ന് (80.72),
പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 10-പഞ്ചായത്ത് വാർഡ് (78.68).

തൃശ്ശൂർ - മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ 15-താണിക്കുടം (84.35).

പാലക്കാട് - പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ 07-താനിക്കുന്ന് (82.44).

മലപ്പുറം - പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്തിലെ 02-ചെമ്മാണിയോട് (61.13),
ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ 14-കളക്കുന്ന് (82.68),
തുവ്വൂർ ഗ്രാമപഞ്ചായത്തിലെ 11-അക്കരപ്പുറം (75.02),
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ 16-കട്ടിലശ്ശേരി (79.82).

കോഴിക്കോട് - വേളം ഗ്രാമപഞ്ചായത്തിലെ 17-പാലോടിക്കുന്ന് (80.68).

കണ്ണൂർ – മുണ്ടേരി ഗ്രാമപഞ്ചായത്തിലെ 10-താറ്റിയോട് (80.10),
ധർമ്മടം ഗ്രാമപഞ്ചായത്തിലെ 11-പരീക്കടവ് (84.53).

(എസ്.ഇ.സി. 23/2023)